പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1085 — 28.4.2017 ലെ മറുപടി

## ജല അതോറിറ്റിയിൽ മൈനോറിറ്റി സ്കീം പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം<br>ശ്രീ.ജോർജ്ജ് എം. തോമസ് | മറുപടി<br>മാത്യൂ ടി.തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| എ) ജല അതോറിറ്റിയിൽ മൈനോറിറ്റി സ്കീം പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | എ) നിലവിൽ മൈനോറിറ്റി സ്കീം പ്രകാരം മൊത്തം 150 സ്കീമുകളാണ് നടപ്പിലാക്കി വരുന്നത്. പദ്ധതികളുടെ വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ അനുമതി ലഭിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | ബി) കഴിഞ്ഞ സാമ്പത്തിക വർഷം കോഴിക്കോട് ജില്ലയിൽ താഴെപ്പറയുന്ന പദ്ധതികൾക്ക് 7.11.2016 ലെ സ.ഉ. (സാ.ധാ)7001/2016/GAD പ്രകാരം അനുമതി ലഭിച്ചു.<br>1. മോഡേൺ ബസാർ-കടൈക്കുന്ന് കുടിവെള്ള പദ്ധതി - 3.5 മീ. വ്യാസമുള്ള കിണറിന്റെയും പമ്പ് ഹൗസിന്റെയും പുനരുദ്ധാരണവും കൊടുവള്ളി പഞ്ചായത്തിൽ പമ്പിംഗ് മെയിൻ സ്ഥാപിക്കലും പ്രവൃത്തികൾ - 20 ലക്ഷം രൂപ<br>2. കിഴക്കോത്ത് പഞ്ചായത്തിലെ കാട്ടിക്കുന്ന് പ്രദേശത്തേക്കുള്ള ജലവിതരണ പൈപ്പുകൾ ദീർഘിപ്പിക്കൽ - 14.50 ലക്ഷം രൂപ<br>3. കൂടാതെ 9.2.2017 ലെ സ.ഉ.(സാധാ)909/2017/പൊഭവ പ്രകാരം ചാത്തമംഗലം പഞ്ചായത്തിലെ കുറ്റിക്കുളം. തച്ചൂർ, ആര്യകോട് തെക്ക്, പഞ്ചിങ്കൽ. ചിറ്റാരിപിലാക്കൽ, നാറാണത്തുപുരയിൽ എന്നീ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി 20 ലക്ഷം രൂപയുടെ പദ്ധതിക്കും അനുമതി ലഭിച്ചു. |
| സി) പ്രസ്തുത പദ്ധതി പ്രകാരം അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ? | സി) മൈനോറിറ്റി സ്കീം പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ഡെപ്പോസിറ്റ് പ്രവൃത്തികളായാണ് നടപ്പിലാക്കുന്നത്. കേരള സർക്കാരിന്റെ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഭരണാനുമതി നൽകുന്ന പദ്ധതികൾക്ക് കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കി അവയുടെ പ്രായോഗികത ഉറപ്പാക്കിയ ശേഷം സാങ്കേതികാനുമതി നൽകി നടപ്പിലാക്കുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ